## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. **4013**

25.06.2018 ലെ മറുപടിയ്ക്ക്.

# പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്ന പദ്ധതി

**ചോദ്യം**
**ശ്രീ. ഇ. പി. ജയരാജൻ**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും
നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി

| | | |
|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടെ കടം എഴുതി ത്തള്ളുന്ന പദ്ധതി മുഖേന എത്ര പട്ടികജാതിക്കാരുടെ കടം എഴുതിത്തള്ളിയെന്നും എത്ര തുക ഇതിനായി 2016-17, 2017-18 എന്നീ കാലയളവിൽ ചെലവഴിച്ചുവെന്നും വ്യക്ത-മാക്കുമോ; | പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കടിശ്ശിക എഴുതി ത്തള്ളുന്ന പദ്ധതി പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നുള്ള 2,317 പേരുടെയും സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള 48,766 പേരുടെയും വായ്പാ കടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ട്. തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| സ്ഥാപനം | 2016-17 വർഷം ചെലവഴിച്ച തുക | 2017-18 വർഷം ചെലവഴിച്ച തുക | ആകെ |
|---|---|---|---|
| കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ | 1,37,83,000/- | 3,85,92,000/- | 5,23,75,000/- |
| സഹകരണ സ്ഥാപനങ്ങൾ | 46,09,04,790/- | 39,32,97,653/- | 85,42,02,443/- |

| | | |
|---|---|---|
| (ബി) | ഈ പദ്ധതി പ്രകാരം എത്ര പട്ടികവർഗ വിഭാഗക്കാരുടെ കടം എഴുതിത്തള്ളിയെന്നും എത്ര തുക ഇതിനായി 2016-17, 2017-18 കാലയളവിൽ ചെലവഴിച്ചുവെന്നും വ്യക്ത മാക്കുമോ; | പട്ടികവർഗ വിഭാഗക്കാരുടെ കടം എഴുതിത്തള്ളുന്ന പദ്ധതിയിലുൾപ്പെടുത്തി പട്ടികവർഗക്കാരായ 3,216 പേരുടെ 9,11,72,009/- രൂപ എഴുതിത്തള്ളിയിട്ടുണ്ട്. ആയതിൽ 2016-17 വർഷം 1,353 ഗുണഭോക്താക്കൾക്ക് 3,45,75,612/- രൂപയും 2017-18 സാമ്പത്തികവർഷം 1,029 ഗുണഭോക്താക്കൾക്ക് 2,68,52,630/- രൂപയും എഴുതിത്തള്ളുന്നതിന് ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപെട്ടവരുടെ ഏതെല്ലാം ഇനത്തിലുള്ള കടങ്ങളാണ് ഇക്കാലയളവിൽ എഴുതിത്തള്ളിയതെന്നു വ്യക്തമാക്കുമോ? | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31.03.2010 - ന് തിരിച്ചടവ് പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത്. പദ്ധതിയുടെ വാർഷിക വരുമാന പരിധി ഒന്നര ലക്ഷമാണ്.<br><br>പട്ടികവർഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി/പട്ടികവർഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള പിഴപലിശ ഉൾപ്പെടെയുള്ള 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയംതൊഴിൽ വായ്പ, വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണപണയത്തിന്മേലുള്ള വായ്പ എന്നീ വായ്പാ കുടിശികകൾ എഴുതിത്തള്ളുന്നു. |

സെക്ഷൻ ഓഫീസർ